ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:14-04-2025**

## പ്രധാനവാർത്തകൾ

1) അംബേദ്കറിൻറെ പാത പിന്തുടർന്ന് എല്ലാവരെയും ഉൾച്ചേർത്തുള്ള നീതിയുക്തമായ നയങ്ങളാണ് സർക്കാർ കൈക്കൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഹരിയാനയിൽ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു.

2) ഗൃഹാതുര സ്മരണകളുമായി വിഷു ആഘോഷിച്ച് മലയാളികൾ.

3) സംസ്ഥാനത്ത് ദാരിദ്ര്യനിർമാർജ്ജനം ലക്ഷ്യമിട്ട് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് മന്ത്രി ജെ. ചിഞ്ചുറാണി.

4) മുതലപ്പൊഴിയിൽ അഴിമുഖം മണൽ മൂടിയതിനാൽ മത്സ്യബന്ധനം മറ്റ് ഹാർബറുകളിലേക്ക് മാറ്റാൻ നീക്കം; മത്സ്യത്തൊഴിലാളികളുമായി സർക്കാർ ചർച്ച നടത്തുമെന്ന് റിപ്പോർട്ട്.

5) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയൻറ്സ്, ചെന്നൈ സൂപ്പർ കിങ്സ് പോരാട്ടം.

&&&&&&&&&&&&

<u>പ്രധാനമന്ത്രി - ഹരിയാന</u>

RNU TVPM

ഭരണഘടനാ ശില്പി ഡോ. ബി.ആർ. അംബേദ്കറിന്റെ പാത പിന്തുടർന്ന് എല്ലാവരെയും ഉൾച്ചേർത്തുള്ള നീതിയുക്തമായ നയങ്ങളാണ് സർക്കാർ കൈക്കൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വഖഫ് നിയമ ഭേദഗതി പാവപ്പെട്ട മുസ്ലീങ്ങൾക്ക് ഗുണം ചെയ്യുമെന്നും ആദിവാസി ഭൂമി സംരക്ഷിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. നിരവധി മുസ്ലീം വിധവകൾ സർക്കാരിന് കത്തെഴുതിയതിനെ തുടർന്നാണ് വഖഫ് നിയമം സംബന്ധിച്ച ചർച്ചകൾ ആരംഭിച്ചതെന്നും ശ്രീ മോദി വ്യക്തമാക്കി. ഹരിയാനയിലെ ഹിസാറിൽ ഒരു പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഹിസാറിലും യമുന നഗറിലും വിവിധ വികസന പ്രവർത്തനങ്ങൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു.

&&&&&&&&&&&

RNU TVPM

<u>**സർവകക്ഷിയോഗം- ലഹരി**</u>

സംസ്ഥാനത്തിന്റെ ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗങ്ങൾ മറ്റന്നാൾ. രാവിലെ 11.30ന് മതമേലധ്യക്ഷൻമാരുടെ യോഗം നടക്കും. വൈകിട്ട് 3.30നാണ് സർവകക്ഷിയോഗം. രണ്ട് യോഗങ്ങളും ഓൺലൈനായാണ് ചേരുക.

&&&&&&&&&&&

<u>**വിഷു**</u>

ഗൃഹാതുര സ്മരണകളുമായി ഒരു വിഷു കൂടി കടന്നു പോയി. കണികണ്ടും കൈനീട്ടം വാങ്ങിയും ലോകമെമ്പാടുമുള്ള മലയാളികൾ ഇന്ന് വിഷു ആഘോഷിച്ചു. വിഷുപ്പുലരിയിൽ ഗുരുവായൂർ, ആറന്മുള പാർത്ഥസാരഥി ക്ഷേത്രം, തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രം തുടങ്ങി

കേരളത്തിലെ വിവിധ ക്ഷേത്രങ്ങളിൽ വൻ തിരക്ക് അനുഭവപ്പെട്ടു.

**&&&&&&&&&&&**

<u>വിഷു - പാലക്കാട് (ഇൻട്രോ)</u>

വിഷു ആഘോഷത്തിനൊപ്പം ഇന്ന് തമിഴ് പുത്താണ്ടിന്റെ ആഘോഷ നിറവിൽ പാലക്കാട്ടെ അതിർത്തി ഗ്രാമങ്ങൾ.

**ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത് തയ്യാറാക്കിയ റിപ്പോർട്ട്........**

(ഹോൾഡ്)

**&&&&&&&&&&&**

<u>ശബരിമല- ലോക്കറ്റ്</u>

ശബരിമല സന്നിധാനത്ത് വിഷുക്കണി കാണാനും വിഷുക്കൈനീട്ടം വാങ്ങാനും നിരവധി തീർത്ഥാടകരെത്തി. ശബരിമലയിൽ പൂജിച്ച, അയ്യപ്പൻറെ ചിത്രം ആലേഖനം ചെയ്ത സ്വർണ ലോക്കറ്റുകളുടെ വിതരണോദ്ഘാടനം ദേവസ്വം മന്ത്രി വി.എൻ. വാസവൻ നിർവഹിച്ചു. ഓൺലൈനിലൂടെ ബുക്ക് ചെയ്ത ഭക്തരിൽ നിന്നും തെരെഞ്ഞെടുത്ത, ആന്ധപ്രദേശ് സ്വദേശിക്ക് ആദ്യ ലോക്കറ്റ് കൈമാറി. രണ്ട് ഗ്രാം, നാല് ഗ്രാം, 8 ഗ്രാം എന്നിങ്ങനെ വ്യത്യസ്ത തൂക്കത്തിലുള്ള ലോക്കറ്റുകൾ ലഭ്യമാണ്.

**&&&&&&&&&&&**

<u>കുട്ടവഞ്ചി സവാരി (ഇൻട്രോ)</u>

RNU TVPM

പത്തനംതിട്ടയിലെ കോന്നി അടവി മുണ്ടോംമൂഴി കുട്ടവഞ്ചി സവാരി കേന്ദ്രത്തിൽ കുട്ടവഞ്ചിയിൽ പൊൻകണിയൊരുക്കി ജീവനക്കാർ. വേനലവധിക്കാലമായതിനാൽ ഇവിടെ വിനോദസഞ്ചാരികളുടെ തിരക്ക് വർധിച്ചിട്ടുണ്ട്. **വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ........**

(വോയിസ്)

**&&&&&&&&&&&**

<u>വി. ശിവൻകുട്ടി- എൻസിഇആർടി</u>

ഇംഗ്ലീഷ് മീഡിയം പാഠപുസ്തകങ്ങൾക്ക് ഹിന്ദി തലക്കെട്ടുകൾ നൽകാനുള്ള NCERTയുടെ തീരുമാനം യുക്തിരഹിതമെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. ഹിന്ദി സംസാരിക്കാത്ത മറ്റ് സംസ്ഥാനങ്ങളെപ്പോലെ തന്നെ, ഭാഷാ വൈവിധ്യത്തെ സംരക്ഷിക്കാനും പ്രാദേശിക സാംസ്കാരിക സ്വാതന്ത്ര്യത്തിന് മുൻതൂക്കം നൽകാനും കേരളം പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസം അടിച്ചേൽപ്പിക്കലിന്റെയല്ല, മറിച്ച് ശാക്തീകരണത്തിന്റെയും സമവായത്തിന്റെയും ഉപകരണമായിരിക്കണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

RNU TVPM

**&&&&&&&&&&&**

<u>ജെ. ചിഞ്ചുറാണി</u>

കേരളത്തെ ഈ വർഷം നവംബറോടെ അതിദാരിദ്ര്യമുക്തമാക്കുമെന്ന് മന്ത്രി ജെ. ചിഞ്ചുറാണി. ദാരിദ്ര്യനിർമാർജ്ജനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് നിരവധി മികച്ച പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന്

മന്ത്രി പറഞ്ഞു. 10 രൂപക്ക് പ്രഭാതഭക്ഷണം ഒരുക്കുന്ന കൊല്ലം നഗരസഭയുടെ 'ഗുഡ്മോണിങ് കൊല്ലം' പദ്ധതിയുടെ ഉദ്ഘാടനം ചിന്നക്കട ബസ് ബേയിൽ നിർവഹിക്കുകയായിരുന്നു ശ്രീമതി ചിഞ്ചുറാണി.

&&&&&&&&&&&

## മുതലപ്പൊഴി

തിരുവനന്തപുരം മുതലപ്പൊഴിയിൽ അഴിമുഖം മണൽ മൂടിയതിനാൽ മത്സ്യ ബന്ധനം മറ്റ് ഹാർബറുകളിലേക്ക് മാറ്റാൻ തീരുമാനം. ഇത് സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുമായി സർക്കാർ ചർച്ച നടത്തുമെന്നാണ് റിപ്പോർട്ട്. പ്രദേശത്തെ മണൽ നീക്കാത്തതിൽ പ്രതിഷേധമുയർന്നിരുന്നു. പൊഴിമുഖം അടഞ്ഞതോടെ മത്സ്യ ബന്ധനത്തിനു പോകാൻ കഴിയാതെ പ്രതിസന്ധിയിലാണ് മുതലപ്പൊഴിയിലെ മത്സ്യത്തൊഴിലാളികൾ.

RNU TVPM

&&&&&&&&&&&

## കോട്ടയം പിടിസി നിയമനം

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് prasarbharati.gov.in/pbvacancies എന്ന വെബ് സൈറ്റ് വിലാസം സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മേയ് 30. വിശദവിവരങ്ങൾക്ക് തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണി മുതൽ വൈകുന്നേരം 5

മണിവരെ 0471-2324983 എന്ന നമ്പറിൽ ബന്ധപ്പെടുക. Email id: airnewstvpm@gmail.com.

&&&&&&&&&&&

**<u>അംബേദ്കർ ജയന്തി</u>**

ഭരണഘടന ശില്പി ഡോ. ബി.ആർ. അംബേദ്കറുടെ 135 ആം ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ നിയമ-നീതി മന്ത്രിയായ അംബേദ്കറിന്, 1990-ൽ മരണാനന്തരം, പരമോന്നത ബഹുമതിയായ ഭാരതരത്നം നൽകി രാഷ്ട്രം ആദരിച്ചു. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാർ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, മറ്റ് പാർലമെന്റ്ംഗങ്ങൾ തുടങ്ങിയവർ പാർലമെൻറ് മന്ദിരത്തിലെ ബാബാസാഹിബിന്റെ പ്രതിമയിൽ പുഷ്പാർച്ചന നടത്തി.

&&&&&&&&&&&

**<u>അംബേദ്കർ ജയന്തി-സംസ്ഥാനം</u>**

അംബേദ്കർ ജയന്തി ദിനമായ ഇന്ന് സംസ്ഥാനത്തും വിപുലമായ പരിപാടികൾ. നിയമസഭാ സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ സ്പെഷ്യൽ സെക്രട്ടറി ഷാജി സി. ബേബി പുഷ്പാർച്ചന നടത്തി. ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ബാബാസാഹേബ് അനുസ്മരണം സംഘടിപ്പിച്ചു. ഡോ ബി. ആർ. അംബേദ്കറിൻറെ ഛായ ചിത്രത്തിൽ പുഷപാർച്ചനയും നടത്തി.

&&&&&&&&&&&

RNUTVPM

**ആറളം ഫാം( ഇൻട്രോ )**

കണ്ണൂർ ആറളം ഫാമിൽ കാട്ടാന ശല്യം തടയുന്നതിനായി സൌരരോർജ്ജ തൂക്കുവേലി നിർമ്മാണം പുരോഗമിക്കുന്നു. നിർദ്ദിഷ്ട ആനമതിൽ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിലാണ് തൂക്കുവേലി നിർമ്മാണം തുടങ്ങിയത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.....**
**( വോയിസ്.... )**

**&&&&&&&&&&&**

RNUTVPM

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയൻറ്സ്, ചെന്നൈ സൂപ്പർ കിങ്സുമായി ഏറ്റുമുട്ടും. രാത്രി 7:30 നാണു മത്സരം.

**&&&&&&&&&&&**

**കാലാവസ്ഥ**

സംസ്ഥാനത്ത് ചൂട് കൂടുമെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകളിൽ ഇന്ന് ഉയർന്ന താപനിലക്കുള്ള മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. അതേസമയം കേരള - കന്യാകുമാരി തീരങ്ങളിൽ ഇന്ന് കടലാക്രമണത്തിനും സാധ്യതയുണ്ട്.

**&&&&&&&&&&&**

**ഇടുക്കി, കണ്ണൂർ, വയനാട് മഴ**

സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ കനത്ത മഴ. ഇടുക്കി ജില്ലയിൽ വെങ്ങല്ലൂർ, അച്ചൻകവല പ്രദേശങ്ങളിൽ വൈകിട്ട് പെയ്ത ശക്തമായ മഴയിൽ, മരങ്ങൾ കടപുഴകി വീണ് ഗതാഗതം തടസ്സപ്പെട്ടു. തൊടുപുഴ - മൂവാറ്റുപുഴ റോഡിൽ രണ്ടിടങ്ങളിലായാണ് മരങ്ങൾ വീണത്. കണ്ണൂർ, വയനാട് ജില്ലകളിലും ശക്തമായ മഴ പെയ്തു. ശക്തമായ കാറ്റിൽ പലയിടത്തും നാശ നഷ്ടമുണ്ടായി.

&&&&&&&&&&&

## സ്വർണ്ണ വില

സ്വർണ്ണ വിലയിൽ നേരിയ കുറവ്. പവന് 120 രൂപ കുറഞ്ഞ്, 70,040 രൂപയാണ് ഇന്നത്തെ സ്വർണ്ണ വില.

PNUTVPM

&&&&&&&&&&&

## ആശ പ്രവർത്തകരുടെ സമരം

വിഷു ദിനത്തിലും സെക്രട്ടറിയേറ്റിനു മുന്നിലെ സമരം തുടർന്ന് ആശാ പ്രവർത്തകർ. ആശമാരുടെ നിരാഹാര സമരം 25-ാം ദിവസം പിന്നിട്ടു. ആവശ്യങ്ങൾ അംഗീകരിക്കാതെ പിന്നോട്ടില്ലെന്ന് സരമ സമിതി അറിയിച്ചു.

&&&&&&&&&&&

## ചെന്നിത്തല- സമരം

പൊതുസമൂഹം ഒന്നടങ്കം ആവശ്യപ്പെട്ടിട്ടും ന്യായമായ സമരങ്ങളിൽ നടപടി എടുക്കാത്തത് സർക്കാരിന്റെ ധാർഷ്ട്യമാണെന്ന് കോൺഗ്രസ്സ് നേതാവ് രമേശ് ചെന്നിത്തല. ആശാ പ്രവർത്തകരുടെയും സി.പി.ഓ ഉദ്യോഗാർത്ഥികളുടെയും സമരത്തെ കുറിച്ച് മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു

അദ്ദേഹം. സമരം നിർത്തി പോകാൻ പറയുന്നത് ജനാധിപത്യ സർക്കാരിന് യോജിച്ച രീതിയല്ലെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&

<u>രാജീവ് ചന്ദ്രശേഖർ</u>

ബി.ജെ.പി. കൊല്ലം കിഴക്കൻ ജില്ലാ ആസ്ഥാനമന്ദിരം പാർട്ടി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്തു. കേരളത്തിൽ ജനങ്ങൾ ആഗ്രഹിക്കുന്ന മാറ്റം കൊണ്ടുവരാൻ ബിജെപിക്ക് കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. ജനങ്ങളെ വഞ്ചിക്കുന്ന പ്രവർത്തനമാണ് കമ്യൂണിസ്റ്റ് പാർട്ടിയും, കോൺഗ്രസും തുടരുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

&&&&&&&&&&&

<u>കൊല്ലം-പൂരം</u>

കൊല്ലം പൂരവും കുടമാറ്റവും നാളെ വൈകിട്ട് ആശ്രാമം മൈതാനത്ത് നടക്കും. പൂരം പ്രമാണിച്ച് നാളെ ഉച്ചക്ക് രണ്ട് മുതൽ നഗരസഭാ പരിധിയിൽ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്. നേരത്തെ നിശ്ചയിച്ച പൊതുപരീക്ഷകൾക്ക് മാറ്റമില്ല.

&&&&&&&&&&&

&&&&&&&

&&&

RIJU TVPM